## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

വിഷയം :- ആ.വ.ഡ. - ജീവനക്കാര്യം - മാനദണ്ഡ അടിസ്ഥാനത്തിലുള്ള പൊതുസ്ഥലംമാറ്റം 2026 - ഫെയർകോപ്പി സൂപ്രണ്ട് തസ്തികയിലെ തുടർ നടപടികൾ അവസാനിപ്പിക്കുവാൻ താൽക്കാലികമായി തീരുമാനിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു -

പരാമർശം:-
1) ഉത്തരവ് (പി) നം. 3/2017/ഉ.ഭ.പ.വ., തീയതി:25/02/2017.
2) സ.ഉ.(സാധാ) നം. 1097/2026/H&FWD, തീയതി, 14/03/2026
3) സ.ഉ.(സാധാ) നം. 1369/2026/H&FWD, തീയതി, 10/04/2026
4) സർക്കുലർ നം. ഇഎച്ച്1-31371/2025/ആ.വ.ഡ, തീയതി, 13/04/2026
5) ജീവനക്കാർ സ്പാർക്ക് മുഖേന സമർപ്പിച്ച അപേക്ഷകൾ

**ഉത്തരവ് നം : DHS/11723/2026-ED4, തിയതി : 03-06-2026**

മേൽ പരാമർശം സർക്കാർ ഉത്തരവുകളുടെയും സർക്കുലറിന്റെയും അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പിലെ വിവിധ തസ്തികകളിലെ 2026-ലെ പൊതുസ്ഥലംമാറ്റം നടപ്പിലാക്കുന്നതിനായി ഓൺലൈൻ അപേക്ഷകൾ ക്ഷണിച്ചിരുന്നു. അപ്രകാരം ഫെയർകോപ്പി സൂപ്രണ്ട് തസ്തികയിലേക്കുള്ള പൊതുസ്ഥലംമാറ്റത്തിനായി ലഭിച്ച അപേക്ഷകൾ പരിശോധിച്ചതിൽ, അപേക്ഷ സമർപ്പിച്ച ജീവനക്കാർ നിലവിലുള്ള സ്ഥാപനത്തിൽ പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾ പ്രകാരം നിർബന്ധമായ മൂന്ന് വർഷത്തെ സേവനകാലാവധി പൂർത്തീകരിച്ചിട്ടില്ലെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. അതിനാൽ, നിലവിലുള്ള

പൊതുസ്ഥലംമാറ്റ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ടി ജീവനക്കാരെ പൊതുസ്ഥലംമാറ്റ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് അർഹതയുള്ളതായി കാണുന്നില്ല.

ഈ സാഹചര്യത്തിൽ, ഫെയർകോപ്പി സൂപ്രണ്ട് തസ്തികയിലുള്ള **2026** പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട തുടർനടപടികൾ അവസാനിപ്പിക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു.

പ്രസ്തുത തീരുമാനത്തിനെതിരെ പരാതിയോ ആക്ഷേപമോ ഉള്ളവർ ബന്ധപ്പെട്ട രേഖകൾ സഹിതം ഹർജി തയ്യാറാക്കി സ്ഥാപന മേധാവി മുഖേന **08/06/2026**-ന് വൈകുന്നേരം **5.00** മണിക്ക് മുമ്പായി ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കുശേഷം ലഭിക്കുന്ന പരാതികളോ ആക്ഷേപങ്ങളോ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ യഥാസമയം അപ്പീലുകൾ സമർപ്പിക്കാത്തതു കാരണം അന്തിമ സ്ഥലംമാറ്റ പട്ടികയിൽ നിന്നു ഏതെങ്കിലും ജീവനക്കാർ ഒഴിവാക്കപ്പെടുകയാണെങ്കിൽ ആയത് സംബന്ധിച്ച പൂർണ്ണ ഉത്തരവാദിത്വം ജില്ലാ മെഡിക്കൽ ഓഫീസർമാരിൽ നിക്ഷിപ്തമായിരിക്കും.

Digitally signed by
Reena K J
Date: 03-06-2026
18:14:55

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്:

ബന്ധപ്പെട്ട

ഉദ്യോഗസ്ഥർ

പകർപ്പ് :

**1)** സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി.എ.

**2)** ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ

3)ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്

4)ഫയൽ/കരുതൽ ഫയൽ